**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 243** **01-03-2023 - ൽ മറുപടിയ്ക്ക്**

**എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ. ആന്റണി ജോൺ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ എന്ന ലക്ഷ്യം സമയബന്ധിതമായി നിറവേറ്റുന്നതിന് പട്ടയം മിഷൻ പ്രഖ്യാപിച്ചിട്ടുണ്ടോ; അഞ്ച് മാസത്തിനുള്ളിൽ നാല്പതിനായിരം പട്ടയങ്ങൾ വിതരണം ചെയ്യുമെന്ന പ്രഖ്യാപനം നിറവേറ്റുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | അർഹരും ഭൂരഹിതരുമായ എല്ലാവർക്കും ഭൂമി ലഭ്യമാക്കുക എന്ന ലക്ഷ്യം വേഗതയിൽ പ്രാവർത്തികമാക്കാൻ ഒരു പട്ടയമിഷന് സർക്കാർ രൂപം നൽകുകയാണ്. മലയോര- ആദിവാസി ഭൂമികളുടെ വിതരണം വേഗതയിലാക്കാൻ ഒരു സ്റ്റാൻഡേർഡ് ഓപ്പറേഷൻ പ്രൊസീഡ്യർ തയ്യാറാക്കിയിട്ടുണ്ട്. പട്ടയ അപേക്ഷകളും പട്ടയം നൽകാനുള്ള തടസ്സങ്ങളും രേഖപ്പെടുത്താൻ ഒരു പട്ടയ ഡാഷ് ബോർഡ് ഇതിനകം നിലവിൽ വന്നിട്ടുണ്ട്. ഇതു വിപുലീകരിക്കാൻ നിയോജക മണ്ഡലം അടിസ്ഥാനത്തിൽ എം.എൽ.എ. മാരുടെ സാന്നിധ്യത്തിൽ ജനപ്രതിനിധികളുടെ യോഗം ചേരുന്നതാണ്. എല്ലാ മണ്ഡലത്തിലും ഇതിനായി ഉയർന്ന റവന്യൂ ഉദ്യോഗസ്ഥർക്ക് പ്രത്യേക ചുമതല നൽകുന്നതാണ്. ഇതിൽ വരുന്ന പട്ടയ പ്രശ്നങ്ങൾക്ക് തടസ്സങ്ങൾ പരിഹരിക്കാൻ പ്രത്യേകമായ നടപടികൾ ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ ഒരുക്കിയിട്ടുണ്ട്. ലാന്റ് ട്രിബ്യൂണലിൽ നിലനിൽക്കുന്ന കേസുകൾ വേഗതയിൽ വിചാരണ നടത്തി ഫയൽ തീർപ്പാക്കാൻ ടാർജറ്റ് നൽകി പ്രവർത്തിച്ചു വരുന്നുണ്ട്. ഇതിനായി ലാന്റ് ബോർഡിന്റെ നേതൃത്വത്തിൽ ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനം നൽകി വരുന്നുണ്ട്. താലൂക്ക് ലാന്റ് ബോർഡിലെ കേസുകൾ തീർപ്പാക്കാൻ നാല് മേഖലകളാക്കി തിരിച്ച് പ്രത്യേക ഡെപ്യൂട്ടി കളക്ടർമാർക്ക് ചുമതല നൽകാനുള്ള തയ്യാറെടുപ്പിലാണ്. പട്ടയ വിതരണത്തിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ വനം-വൈദ്യുതി-ജലവിഭവം - തദ്ദേശം - പൊതുമരാമത്ത് വകുപ്പുമായി പ്രത്യേകമായ ചർച്ചകൾ നടത്തി വരികയാണ്. ആദിവാസി പട്ടയങ്ങളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ |

| | | | |
|---|---|---|---|
| | | | പട്ടികജാതി/വർഗ്ഗ വകുപ്പുമായും ചർച്ചകൾ നടന്നു വരുന്നു. ഇത്തരത്തിൽ വിവിധങ്ങളായ പരിപാടികൾ ഉൾപ്പെടുത്തിയാണ് പട്ടയമിഷൻ നടപ്പിലാക്കാൻ പോകുന്നത്. ഇതിനായി സംസ്ഥാന തലത്തിൽ ലാന്റ് റവന്യൂ കമ്മീഷണറേറ്റിലും ജില്ലാ തലത്തിൽ കളക്ടേറ്റിലും, താലൂക്ക് തലത്തിലും, പ്രത്യേക സെല്ലുകൾ കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നു. ഈ പദ്ധതിക്കായി 2023 ലെ ബജറ്റിൽ 2 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റെടുത്ത് ആദ്യ ഒരു വർഷ കാലയളവിനുള്ളിൽ 54535 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ചുള്ള നൂറു ദിന കർമ്മ പദ്ധതിയുടെ ഭാഗമായി 40000 പട്ടയങ്ങളെങ്കിലും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഗോത്രവർഗക്കാർ അധിവസിക്കുന്ന ഊരുകളിലെയും വനമേഖലകളിലെയും പട്ടയ പ്രശ്നം പരിഹരിക്കാൻ വനം വകുപ്പുമായി ചേർന്ന് നടപടിക്രമങ്ങൾ ത്വരിതപ്പെടുത്താൻ റവന്യൂ വകുപ്പ് മുൻകൈയ്യെടുത്തിട്ടുണ്ടോ; | (ബി) | ഗോത്രവർഗക്കാർ അധിവസിക്കുന്ന ഊരുകളിലെയും വനമേഖലകളിലെയും പട്ടയ പ്രശ്നം പരിഹരിക്കാൻ വനം വകുപ്പുമായി ചേർന്ന് നടപടിക്രമങ്ങൾ ത്വരിതപ്പെടുത്താൻ റവന്യൂ വകുപ്പ് മുൻകൈയെടുത്തിട്ടുണ്ട്. ജില്ലാ തലത്തിൽ സ്പെഷ്യൽ ടാസ്ക് മീറ്റിംഗുകൾ ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ TDO, DFO, RDO, തഹസിൽദാർമാർ എന്നിവരെ ഉൾപ്പെടുത്തി ചേർന്ന് വരുന്നതാണ്. ആദിവാസി ജന വിഭാഗങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വനം വകുപ്പ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി DLC മീറ്റിംഗുകൾ കൂടി വരുന്നു. വനാവകാശ പ്രകാരമുള്ള കൈവശ രേഖക്ക് വനാവകാശ കമ്മിറ്റികളിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ അടിയന്തിര പ്രാധാന്യത്തോടെ സബ്ഡിവിഷണൽ കമ്മിറ്റിയും ജില്ലാതല കമ്മിറ്റിയും പരിശോധിച്ച് അർഹതപ്പെട്ടവർക്ക് കൈവശ രേഖ വിതരണം ചെയ്തു വരുന്നുണ്ട്.<br><br>1993 ലെ കേരള ഭൂമി പതിച്ചു നൽകൽ ( 01.01.1977 ന് മുമ്പ് വന ഭൂമിയിൽ നടത്തിയിട്ടുള്ള കുടിയേറ്റങ്ങൾ ക്രമപ്പെടുത്തൽ) പ്രത്യേക ചട്ടങ്ങൾ പ്രകാരം സംയുക്ത പരിശോധനയും സർവ്വേ നടപടികളും പൂർത്തീകരിച്ചു സ്കെച്ച് തയ്യാറാക്കി പട്ടയം അനുവദിക്കുന്നതിന് അർഹരായവരുടെ വിവരങ്ങൾ പരിവേഷ് പോർട്ടലിൽ അപ് ലോഡ് ചെയ്യുകയും കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ ഇത്തരത്തിൽ വനം വകുപ്പിൽ നിന്നും കൈമാറുന്ന ഭൂമി റവന്യൂ |

| | | | |
|---|---|---|---|
| | | | വില്ലേജുകളായി പരിവർത്തനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |
| (സി) | ഒരു വർഷത്തിനുള്ളിൽ ലാൻഡ് ട്രിബ്യൂണലുകളിൽ കെട്ടിക്കിടക്കുന്ന കേസുകളെല്ലാം തീർപ്പാക്കുന്നതിനും ട്രിബ്യൂണലുകളുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | 1963-ലെ കേരള ഭൂപരിഷ്കരണ നിയമപ്രകാരം കുടിയായ്മ, കുടികിടപ്പ് എന്നിവ ലഭിക്കുന്നതിനായി ലാന്റ് ട്രൈബ്യൂണലുകളിൽ ശേഷിക്കുന്ന അപേക്ഷകൾ തീർപ്പാക്കാൻ നിരവധി മിഷൻമോഡ് പദ്ധതികൾ ഈ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ഒന്നാം 100 ദിന പരിപാടിയുടെ ഭാഗമായി 13514 പട്ടയങ്ങൾ നൽകിയിട്ടുണ്ട്. രണ്ടാം 100 ദിന പരിപാടിയുടെ 40000എൽ.റ്റി. കേസുകൾ തീർപ്പാക്കി, 33839 പട്ടയം നൽകിയിട്ടുണ്ട്. ഇപ്പോൾ 2022 ഏപ്രിൽ മുതൽ പ്രഖ്യാപിച്ചിരിക്കുന്ന പട്ടയ മിഷൻ പദ്ധതിയുടെ ഭാഗമായി 60000 കേസുകൾ തീർപ്പാക്കാനുള്ള പദ്ധതി പുരോഗമിച്ച് വരുന്നു.<br><br>സംസ്ഥാനത്ത് 17 മദർ ട്രൈബ്യൂണലുകൾ, 16 ദേവസ്വം ലാന്റ് ട്രൈബ്യൂണലുകൾ, സ്പെഷ്യൽ തഹസീൽദാർക്ക് അധിക ചുമതല നൽകിയ 15 ലാന്റ് ട്രൈബ്യൂണലുകൾ, 34 താലൂക്ക് തഹസീൽദാർക്ക് ചുമതലയുള്ള ലാന്റ് ട്രൈബ്യൂണലുകൾ എന്നിങ്ങനെ 82 ലാന്റ് ട്രൈബ്യൂണലുകൾ പ്രവർത്തിക്കുന്നു. ഇവിടങ്ങളിൽ തീർപ്പാക്കാനുള്ള കേസുകൾ സമയബന്ധിതമായി തീർപ്പാക്കാനുള്ള പദ്ധതി സർക്കാരിന്റെ ആദ്യ 100 ദിന കർമ്മ പരിപാടി, രണ്ടാം 100 ദിന കർമ്മ പരിപാടി, പട്ടയമിഷൻ എന്നിവയിൽ ഉൾപ്പെടുത്തിയിരുന്നു. കേസുകൾ തീർപ്പാക്കാനായി ജീവനക്കാർക്ക് പ്രത്യേക പരിശീലനം അവലോകന യോഗങ്ങൾ, Standard Operating Procedure എന്നിവ നടപ്പിലാക്കി.<br><br>ലാന്റ് ട്രൈബ്യൂണലുകൾ, കേസ് തീർപ്പാക്കലുമായി ബന്ധപ്പെട്ട് ഓരോ പ്രദേശത്തിന്റെയും പ്രത്യേകതകളും പ്രശ്നങ്ങളും ഉൾക്കൊണ്ട് സമയബന്ധിതമായി ക്രയ സർട്ടിഫിക്കറ്റ് അനുവദിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. അപേക്ഷകൾ കൂടുതലുള്ള സ്ഥലങ്ങളിൽ അദാലത്തുകൾ സംഘടിപ്പിച്ചു. അവിടങ്ങളിലെ ലാന്റ് ട്രൈബ്യൂണലുകൾക്ക് കൂടുതൽ ടാർജറ്റ് നൽകി. പ്രത്യേക ഇൻസ്പെക്ഷനുകൾ സ്റ്റേറ്റ് ലാന്റ് ബോർഡിൽ നിന്ന് നടത്തി. പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നിയമപരമായ സ്പഷ്ടീകരണങ്ങൾ നൽകുകയുണ്ടായി.<br><br>പട്ടയ മിഷനുകളിലൂടെ ലാന്റ് ട്രൈബ്യൂണലുകളിലെ പെന്റിംഗ് കേസുകൾ ഏറെക്കുറെ പൂർണ്ണമായും തീർപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ മിക്കവാറും |

| | | | |
|---|---|---|---|
| | | | എല്ലാ ലാന്റ് ട്രൈബ്യൂണലുകളിലും പട്ടയത്തിനായി അപേക്ഷിച്ചാൽ (രേഖകൾ ഹാജരാക്കുന്ന മുറയ്ക്കും അർഹതയുള്ള പക്ഷവും) ഉടൻ തന്നെ പട്ടയം നൽകാൻ ഇപ്പോൾ പട്ടയമിഷനിലൂടെ കഴിയുന്നുണ്ട്. എല്ലാ ട്രൈബ്യൂണലിലും 2022, 2023 ലെ അപേക്ഷകൾ പരിഗണിച്ച് ഇപ്പോൾ പട്ടയം നൽകി വരുന്നുണ്ട്.<br><br>ലാന്റ് ട്രൈബ്യൂണലുകളിൽ വർഷങ്ങൾക്ക് മുൻപ് ആളുകൾ നൽകിയ അപേക്ഷകൾ ഉണ്ട്. നിരവധി നോട്ടീസുകൾ അയച്ചിട്ടും ഈ കക്ഷികൾ ഹാജരാകുന്നില്ല എന്ന് മിക്കവാറും ലാന്റ് ട്രൈബ്യൂണലുകൾ അറിയിച്ചിട്ടുണ്ട്. അപേക്ഷകൾ നൽകിയ ആളുകൾ വിചാരണക്ക് ഹാജരാകാത്തതും രേഖകൾ ഹാജരാക്കാത്തതുമാണ് അപേക്ഷകൾ കെട്ടിക്കിടക്കാൻ കാരണം. ഈ അപേക്ഷകർ എന്നെങ്കിലും വരുമ്പോൾ പരിഗണിക്കാം എന്ന് കരുതിയാണ് ഡ്രോപ്പ് ചെയ്യാതിരുന്നത്. അതിനാലാണ് ധാരാളം അപേക്ഷകൾ പെൻഡിംഗ് ലിസ്റ്റിൽ കാണുന്നത്. യഥാർത്ഥത്തിൽ ലാന്റ് ട്രൈബ്യൂണലുകളിൽ ഹാജരാകുന്ന മുഴുവൻ ആളുകൾക്കും അപ്പോൾ തന്നെ പട്ടയം നൽകാൻ ഇപ്പോൾ കഴിയുന്നുണ്ട്. ആയതിനാൽ ആവശ്യക്കാർക്ക് യാതൊരു കാലതാമസവും ഇപ്പോൾ ഉണ്ടാകാത്ത തരത്തിൽ ലാന്റ് ട്രൈബ്യൂണൽ പ്രവർത്തനങ്ങൾ സുശക്തമാക്കിയിട്ടുണ്ട്. അപേക്ഷകർ ഹാജരാകുന്നില്ല എന്ന പ്രശ്നമുള്ളത് പ്രധാനമായും ഇരിങ്ങാലക്കുട, കുന്ദംകുളം, തിരൂർ, മഞ്ചേരി, തിരൂരങ്ങാടി, വടകര, പയ്യന്നൂർ, ഇരിട്ടി, പട്ടാമ്പി എന്നീ ലാന്റ് ട്രൈബ്യൂണലുകളിലും പൊതുവേ പാലക്കാട്, കണ്ണൂർ, തൃശ്ശൂർ ജില്ലകളിലെ ട്രൈബ്യൂണലുകളിലുമാണ്. |

സെക്ഷൻ ഓഫീസർ